# ISLAMIC ENCYCLOPAEDIA

## VOLUME

## 14

Director

**Dr. Koottil Muhammed Ali**

Executive Editor

**Dr. A.A. Haleem**

**ISLAMIC PUBLISHING HOUSE**

KOZHIKODE •THIRUVANANTHAPURAM •KANNUR •ERANAKULAM, THRISSUR •MALAPPURAM •PALAKKAD

Scanned with CamScanner

ISBN 978-93-91899-18-9
I.P.H. Publication No: 872

**ISLAMIKA VIJNHANAKOSHAM**
**(Islamic Encyclopaedia in Malayalam)**
**Vol. XIV**

| | | |
|---|---|---|
| First Published | : | September 2022 |
| Copies | : | 1000 |
| Type setting | : | I.P.H. DTP Centre, Kozhikode-12 |
| Printers | : | Manipal Technologies Limited |
| Price | : | ₹ 3500 |
| Publishers | : | Islamic Publishing House<br>P.O. Marikunnu<br>Kozhikode-673 012, Kerala - India<br>E-mail: iphivk@gmail.com<br>Web: www.iphbooks.com |

**Rights with the Publishers**

**Distribution:**

Islamic Publishing House,
Fourland Building, Rajaji Road, Kozhikode 673 004,
E-mail: iphcalicut@gmail.com

Islamic Publishing House,
Islamic Centre, Market Lane, Palayam,
Thiruvananthapuram-695 034

Islamic Publishing House,
Madeena Masjid Complex, Padma Jn,
Pullepady, Eranakulam, Kochi- 682 035

Islamic Publishing House,
IPH Tower, P.O. Road, Thrissur -680 001

Islamic Publishing House,
Kohinoor Arcade, Opp. Noor Masjid, Kannur -670 001

Islamic Publishing House,
Pandi Building, Near Head Post Office,
Kunnumal, Malappuram -676 505

Islamic Publishing House,
Mythree Tower, Near Stadium Bus stand, Palakkad -678 001


Scanned with CamScanner

| | |
|---|---|
| എം.എ.എസ്. | –എം. അശ്റഫ് |
| എം.എ.വി. | –എം.എ. വാണിമേൽ |
| എം.എഫ്. | –മുശ്താഖ് ഫസൽ |
| എം.എഫ്.ആർ. | –മുഹമ്മദ് ഫിൻസർ |
| എം.കെ.എ. | –എം.കെ. അബ്ദുസ്സമദ് ശിവപുരം |
| എം.കെ.എം.ടി. | –എം.കെ. മുഹമ്മദ് തൃക്കടേരി |
| എം.കെ.ആർ. | –ഡോ. എം.കെ. റഊസ് |
| എം.എം.എ.എസ്. | –എം.എം. അബ്ദുസ്സലാം താനൂർ |
| എം.എം.ആർ. | –എം. മുഹമ്മദ് റശീദ് |
| എം.എം.ആർ.ക്യു | –ഡോ. മുനീർ മുഹമ്മദ് റഫീഖ് |
| എം.എം.എസ്. | –എം.എം. ശിഹാബുദ്ദീൻ വടുതല |
| എം.എം.യു. | –എം. മുഹമ്മദ് ഉമർ |
| എം.എൻ.എൽ.കെ. | –മുഹമ്മദ് നിഹാൽ കെ. |
| എം.എസ്.എ. | –എം.എസ്. അബ്ദുർറസ്സാഖ് |
| എം.എസ്.കെ. | –എം. ശറഫുല്ലാ ഖാൻ |
| എം.എസ്.യു. | –മുഹമ്മദ് ശമീം ഉമരി |
| എം.ടി. | –ഡോ. മഹ്ബൂബ് ത്വാഹാ |
| എം.യു.സി. | –ഡോ. മുസ്ത്വഫാ കൊച്ചി |
| എം.യു.പി. | –മൂസാ ഉമരി പാലക്കാട് |
| എം.യു.ആർ. | –മുബാറക് റാവുത്തർ |
| എം.വി.എം. | എം.വി. മുഹമ്മദ് സലീം |
| എൻ.എ.എ. | –എൻ.എ. അബ്ദുല്ല |
| എൻ.എ.കെ. | –എൻ.എ. കരീം |
| എൻ.സി | –നൗശാദ് ചേനപ്പാടി |
| എൻ.ഇ. | –നാസിർ എരമംഗലം |
| എൻ.കെ.ജെ. | –ഡോ. എൻ.കെ. ജമീൽ അഹ്മദ് |
| എൻ.എം.ബി. | എൻ.എം. ബശീർ |
| എൻ.എസ്. | –ഡോ. എൻ. ശംനാദ് |
| എൻ.എസ്.എൻ | –എൻ. നസ്റുദ്ദീൻ |
| പി.എ.എ. | –പി.എ. അസീം |
| പി.എ.എ.എൻ. | –പി. അമീൻ അഹ്സൻ |
| പി.എ.എസ്. | –പി. അബൂബക്ർ സിദ്ദീഖ് |
| പി.എച്ച്. | –പി.എച്ച്. മുഹമ്മദ് പത്തനാപുരം |
| പി.കെ.എഫ്. | –ഡോ. പി.കെ. ഫൈസൽ |
| പി.കെ.എച്ച്- | –പി.കെ. ഹബീബ് ജഹാൻ |
| പി.കെ.എൻ. | –പി.കെ. നിയാസ് |
| പി.എം.എ. | –പി.എം. അബ്ദുർറഹ്മാൻ |
| പി.എം.എ.എം. | –പി.എം. അബ്ബാസ് മാസ്റ്റർ |
| പി.എം.എസ്. | –പി.എം. സ്വബാഹ് ആലുവ |
| പി.പി.എ.ആർ. | –പി.പി. അബ്ദുർറഹ്മാൻ കൊടിയത്തൂർ |
| പി.പി.എ.ആർ.പി | –പി.പി. അബ്ദുർറഹ്മാൻ പെരിങ്ങാടി |
| പി.ആർ.കെ. | –പോക്കർ കടലുണ്ടി |
| പി.എസ്.കെ. | –പി. സാലിം കണ്ണൂർ |
| പി.ഇസഡ്. | –ഡോ. പി. സുബൈർ |
| ആർ.എം. | –റഹ്മാൻ മുന്നൂർ |
| ആർ.എൻ. | –ആർ. നൗശാദ് പെരുമാതുറ |
| ആർ.ആർ.എം. | –റഫീഖുർറഹ്മാൻ മൂഴിക്കൽ |
| എസ്.എ. | –ശിഹാബുദ്ദീൻ ആരാമ്പ്രം |
| എസ്.എ.എം. | –സയ്യിദ് അബ്ദുല്ലാ മുനഫ്ഫർ |
| എസ്.ബി.പി. | –ശരീഫ് ബാബു പാടൂർ |
| എസ്.ഇ. | –ഡോ. സ്വബാഹ് ഇല്ലത്തൊടി |
| എസ്.കെ.ഡി. | –എസ്. ഖമറുദ്ദീൻ |
| എസ്.കെ.വി. | –സീതി കെ. വയലാർ |
| എസ്.എം.ആർ. | –ശിബു മടവൂർ |
| എസ്.എം.ഇസഡ്. | –എസ്.എം. സൈനുദ്ദീൻ |
| എസ്.എൻ. | –ശഫീഖ് നസ്റുല്ല |
| എസ്.പി.ആർ. | –ശിഹാബ് പൂക്കോട്ടൂർ |
| എസ്.എസ്. | –ഡോ. എസ്. സുലൈമാൻ |
| എസ്.എസ്.കെ. | –ഡോ. എസ്. സൈഫുദ്ദീൻ കുഞ്ഞ് |
| ടി.കെ.എം. | –ടി.കെ.എം. ഇഖ്ബാൽ |
| ടി.കെ.യു. | –ടി.കെ. ഉബൈദ് |
| ടി.എം.എ.ജെ. | –ടി.എം. അബ്ദുൽ ജബ്ബാർ |
| ടി.പി.എം.എസ്. | –ടി.പി. മുഹമ്മദ് ശമീം |
| ടി.ടി.ആർ. | –ഡോ. ടി. തൻവീർ |
| ടി.വി.എ.ആർ. | –ടി.വി. അബ്ദുർറഹ്മാൻ കുട്ടി |
| യു.കെ.എഫ്. | --യു.കെ. ഫദ്ലുർറഹ്മാൻ കൊടുവള്ളി |
| വി.എ.എ. | ഡോ. വി. അനീസുദ്ദീൻ അഹ്മദ് |
| വി.എ.കെ. | –വി.എ. കബീർ |
| വി.ബി. | –ഡോ. വി. ബദീഉസ്സമാൻ |
| വി.എച്ച്. | ഡോ. വി. ഹിക്മതുല്ലാ |
| വി.കെ.എ. | –വി.കെ. അലി |
| വി.കെ.കെ. | –വി.കെ. കുട്ടു |
| വി.എം.എ. | –വി.എം. അലിയാർ |
| വി.എം.എം.എച്ച്. | –വി.എം. മുഹമ്മദ് ഹാഫിള് |
| വി.പി.എസ്.എം. | –ഡോ. വി.പി. സ്വുഹൈബ് മൗലവി |
| വി.എസ്.എസ്. | –വി.എസ്. സലീം |
| വി.ടി.എ. | –വി.ടി. അബ്ദുസ്സമദ് കോടൂർ |

Scanned with CamScanner

# പ്രേം നവാസ്

മലയാള ചലച്ചിത്രനടനും നിർമാതാവും. പ്രശസ്ത നടൻ പ്രേം നസീറിന്റെ ഇളയ സഹോദരനാണ്. അബ്ദുൽ വഹ്ഹാബ് എന്നാണ് ശരിയായ പേര്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴിൽ 1932 ജനുവരി ഒന്നിന് ജനിച്ചു. പിതാവ് അക്കോട് ഷാഹുൽ ഹമീദ്, മാതാവ് അസ്മാ ബീവി. ജെ.ഡി. തോട്ടാൻ സംവിധാനം ചെയ്ത കൂടപ്പിറപ്പ് എന്ന ചിത്രത്തിൽ നായകനായാണ് സിനിമാ പ്രവേശം. കുടുംബത്തിൽനിന്ന് അഭിനയ രംഗത്തെത്തിയ ആദ്യത്തെ ആളായിരുന്നെങ്കിലും പ്രേം നവാസ് പിന്നീട് നിർമാതാവെന്ന നിലയിലാണ് ശ്രദ്ധേയനായത്. രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ച അഗ്നിപുത്രി (1967) എന്ന ചിത്രം നിർമിച്ചത് അദ്ദേഹമായിരുന്നു.



*പ്രേം നവാസ്*



Scanned with CamScanner

തുലാവർഷം, പൂജക്കെടുക്കാത്ത പൂക്കൾ, നീതി, കെണി എന്നീ ചിത്രങ്ങളും നിർമിച്ചു.

മലയാളത്തിലെ ആദ്യ ബഹുവർണ ചിത്രമായ കണ്ടംബെച്ച കോട്ടിൽ പ്രേം നവാസ് ശ്രദ്ധേയമായ വേഷം ചെയ്തു. നാടോടികൾ, അരപ്പവൻ, കാൽപ്പാടുകൾ, സുബൈദ, കടത്തുകാരൻ, കന്യാകുമാരി, പൂജക്കെടുക്കാത്ത പൂക്കൾ, സ്ത്രീഹൃദയം, ശ്രീരാമപട്ടാഭിഷേകം, ആറ്റം ബോംബ്, ശ്രീ ഗുരുവായൂരപ്പൻ, അമ്മു, കാർത്തിക, അനാഥശില്പങ്ങൾ, യോഗമുള്ളവൾ, മാൻപേട, പ്രീതി, നെല്ല്, പ്രേം നസീറിനെ കാണ്മാനില്ല, അഗ്നിപുത്രി എന്നിവ പ്രേം നവാസ് അഭിനയിച്ച ചിത്രങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

1992 മാർച്ച് 27-ന് 60-ാം വയസ്സിൽ ചെന്നൈയിൽ മരിച്ചു. ഭാര്യ സുലോചന. ഏക മകൻ പ്രേം കിഷോർ വെക്കേഷൻ, തസ്കര പുത്രൻ എന്നീ രണ്ട് മലയാള ചിത്രങ്ങളിൽ അഭിനയിച്ച് സിനിമാ വ്യവസായവുമായി അടുത്ത ബന്ധം പുലർത്തിയിട്ടുണ്ട്.


വി.എച്ച്.

ഗ്രന്ഥസൂചി:
ml.m.wikipedia.org; en.m.wikipedia.org

## പ്രേം നസീർ

മലയാള ചലച്ചിത്ര നടൻ. മലയാള സിനിമയിലെ നിത്യഹരിത നായകൻ എന്ന് വിശേഷിപ്പിക്കപ്പെട്ടു. ഇന്ത്യൻ സിനിമയിലെ തന്നെ ആദ്യത്തെ സൂപ്പർ താരമായി ഖ്യാതി നേടി. 1926 ഏപ്രിൽ ഏഴിന് തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴിൽ ജനിച്ചു. അബ്ദുൽ ഖാദർ എന്നാണ് ശരിയായ പേര്. പിതാവ് അക്കോട് ഷാഹുൽ ഹമീദ്, മാതാവ് അസ്മാ ബീവി. ചെറുപ്പത്തിൽ തന്നെ മാതാവ് മരണപ്പെട്ടു. പിതാവ് പിന്നീട് പുനർവിവാഹം ചെയ്തിരുന്നു. കഠിനംകുളം ലോവർ പ്രൈമറി സ്കൂൾ, ശ്രീ ചിത്തിര വിലാസം സ്കൂൾ, ആലപ്പുഴ എസ്.ഡി. കോളേജ്, ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസ് കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. അക്കാലത്ത് നാടകത്തിൽ അഭിനയിച്ചിരുന്നു.

1952-ൽ മരുമകൾ എന്ന ചിത്രത്തിലാണ് സിനിമയിൽ ആദ്യമായി അഭിനയിച്ചത്. രണ്ടാമത്തെ ചിത്രമായ വിശപ്പിന്റെ വിളിയുടെ ചിത്രീകരണത്തിനിടെ തിക്കുറിശ്ശി സുകുമാരൻനായരാണ് അബ്ദുൽ ഖാദർ എന്ന പേര് നസീർ എന്നാക്കിയത്. അക്കാലത്ത് സിനിമയിലും മറ്റും അറിയപ്പെടുന്നതിന് വ്യത്യസ്തമായ പേര് അന്വേഷിക്കുന്ന ശീലം പലർക്കുമുണ്ടായിരുന്നു. കുഞ്ചാക്കോയും കെ.വി. കോശിയും ആവശ്യപ്പെട്ടതു പ്രകാരമാണ് തിക്കുറിശ്ശി ഈ പേര് വിളിച്ചത്. പിന്നീട് പൊന്നാപുരം കോട്ട എന്ന സിനിമയിലൂടെ സംവിധായകൻ കുഞ്ചാക്കോ നസീറിനെ പ്രേം നസീർ ആക്കി. എക്സെൽ കമ്പനിക്കുവേണ്ടിയാണ് അദ്ദേഹം അഭിനയിച്ചു തുടങ്ങുന്നത്. നസീറിന്റെ മിക്കവാറും ചിത്രങ്ങളുടെ നിർമാതാക്കൾ ഉദയ, മെരിലാൻഡ് സ്റ്റുഡിയോകൾ ആയിരുന്നു.



പ്രേം നസീർ

മുറപ്പെണ്ണ് (1965), ഇരുട്ടിന്റെ ആത്മാവ് (1967), കള്ളിച്ചെല്ലമ്മ (1969), നദി (1969), അനുഭവങ്ങൾ പാളിച്ചകൾ (1971), അഴകുള്ള സെലീന (1973), വിടപറയും മുൻപേ (1981), പടയോട്ടം (1982), ധ്വനി (1988) തുടങ്ങിയ സിനിമകളിലെ ശ്രദ്ധേയമായ അഭിനയത്തിലൂടെ നിരൂപകപ്രശംസ നേടി.

പാടാത്ത പൈങ്കിളി, സീത, ഉണ്ണിയാർച്ച, കൃഷ്ണകുചേല, ജ്ഞാനസുന്ദരി, ശ്രീരാമ പട്ടാഭിഷേകം, ലൈല മജ്നു, സ്നാപക യോഹന്നാൻ, നിണമണിഞ്ഞ കാൽപ്പാടുകൾ, പഴശ്ശിരാജാ, ഒരാൾ കൂടി കള്ളനായി, കുട്ടിക്കുപ്പായം, ഭാർഗ്ഗവീ നിലയം, ആയിഷ, ശകുന്തള, ഓടയിൽനിന്ന്, മുറപ്പെണ്ണ്, കുപ്പിവള, ഇണപ്രാവുകൾ, തിലോത്തമ, കുഞ്ഞാലിമരയ്ക്കാർ, കളിത്തോഴൻ, ഇരുട്ടിന്റെ ആത്മാവ്, അനാർക്കലി, രമണൻ, പരീക്ഷ, നഗരമേ നന്ദി, നാടൻപെണ്ണ്, കസവുതട്ടം, ബാല്യകാലസഖി, അശ്വമേധം, അഗ്നിപുത്രി, തുലാഭാരം, തോക്കുകൾ കഥ പറയുന്നു, പുന്നപ്രവയലാർ, പാടുന്ന പുഴ, ഭാര്യമാർ സൂക്ഷിക്കുക, അസുരവിത്ത്, അഞ്ചു സുന്ദരികൾ, അഗ്നിപരീക്ഷ, കടൽപ്പാലം, ബല്ലാത്ത പഹയൻ, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, മിണ്ടാപ്പെണ്ണ്, അരനാഴികനേരം, വിലയ്ക്കുവാങ്ങിയ വീണ, ഉമ്മാച്ചു, മുത്തശ്ശി, കളിത്തോഴി, മയിലാടും കുന്ന്, ആരോമലുണ്ണി, ആറടിമണ്ണിന്റെ ജന്മി, ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു, പൊന്നാപുരം കോട്ട, പണിതീരാത്ത വീട്, അജ്ഞാതവാസം, തുമ്പോലാർച്ച, പാതിരാവും പകൽവെളിച്ചവും, നെല്ല്, അരക്കള്ളൻ മുക്കാൽക്കള്ളൻ, താമരത്തോണി, പാലാഴിമഥനം, ധർമ്മക്ഷേത്രേ കുരുക്ഷേത്രേ, ആലിബാബയും 41 കള്ളന്മാരും, കന്യാദാനം, തോൽക്കാൻ എനിക്കു മനസ്സില്ല, മോഹവും മുക്തിയും, കണ്ണപ്പനുണ്ണി, കാഞ്ചന സീത, കടുവയെ പിടിച്ച കിടുവ, ഇവനെന്റെ പ്രിയപുത്രൻ, ജയിക്കാനായി ജനിച്ചവൻ, ഭാര്യയും കാമുകിയും, അഷ്ടമുടിക്കായൽ, വാളെടുത്തവൻ വാളാൽ, തിരയും തീരവും, മാമാങ്കം, പാലാട്ടു കുഞ്ഞിക്കണ്ണൻ, കരിപുരണ്ട ജീവിതങ്ങൾ, ഇത്തിക്കരപ്പക്കി, പാർവതി, പാതിരാസൂര്യൻ, കാട്ടുകള്ളൻ, അടിമച്ചങ്ങല, പടയോട്ടം, മൈലാഞ്ചി, മരുപ്പച്ച, എന്റെ കഥ, പ്രേം നസീറിനെ കാണ്മാനില്ല, മണിത്താലി, കടമറ്റത്തച്ചൻ, അലകടലിനക്കരെ, ഒരിക്കൽ ഒരിടത്ത്, മാന്യമഹാജനങ്ങളേ എന്നിവ അദ്ദേഹത്തിന്റെ സിനിമകളിൽ ചിലതാണ്.

വളരെക്കാലം മലയാളത്തിന്റെ അതുല്യ റൊമാന്റിക് സൂപ്പർ ഹീറോ ആയി തിളങ്ങി. തങ്ങളുടെ മനസ്സിലെ പുരുഷ സങ്കൽപ്പങ്ങളുടെ പ്രതീകമായാണ് പ്രേം നസീറിന്റെ കഥാപാത്രങ്ങളെ മലയാളികൾ സ്വീകരിച്ചത്. 1985-ന് ശേഷം നായക വേഷങ്ങളിൽനിന്ന് മറ്റു കഥാപാത്രങ്ങളിലേക്ക് മനഃപൂർവം വഴിമാറി സഞ്ചരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

പ്രേം നസീറും യേശുദാസും ഉത്തമ നടൻ-ഗായക ജോഡിയായിരുന്നു. യേശുദാസ് പാടുമ്പോൾ നസീറിന്റെ ചുണ്ടുകളുടെ ചലനവും പാട്ടിനനുസരിച്ച തൻമയത്വമാർന്ന അഭിനയവും മലയാള സിനിമാ ചരിത്രത്തിൽ പ്രശസ്തമാണ്. 1968-ൽ റസ്റ്റ് ഹൗസ് എന്ന സിനിമക്കായി അദ്ദേഹം പാടുകയും ചെയ്തു. 1978-ൽ 41-ഉം 1979-ൽ 39-ഉം നായകവേഷം അവതരിപ്പിച്ചു. 781 ചിത്രങ്ങളിൽ 93 നായികമാരുടെ നായകനായി അഭിനയിച്ചു. തമിഴിൽ 56-ഉം, തെലുങ്കിൽ 21-ഉം കന്നഡയിൽ 32-ഉം ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

മലയാള സിനിമക്കും ഇന്ത്യൻ സിനിമക്കുമുള്ള സമഗ്ര സംഭാവനകളെ മാനിച്ച് രാഷ്ട്രത്തിന്റെ അംഗീകാരമായി പത്മശ്രീ, പത്മഭൂഷൺ പുരസ്കാരങ്ങൾ നസീറിനു ലഭിച്ചു. സർവകാല സംഭാവനകളെ മാനിച്ച് കേരള സംസ്ഥാന പ്രത്യേക ജൂറി അവാർഡും (1981) ലഭിച്ചു. 720 സിനിമകളിൽ നായകനായും 130 സിനിമകളിൽ ഒരേ നായികക്കൊപ്പവും (ഷീല) അഭിനയിച്ചതിന് രണ്ട് ഗിന്നസ് ലോക റെക്കാർഡുകൾ അദ്ദേഹം സ്വന്തമാക്കി. 80 നായികമാർക്കൊപ്പം അഭിനയിച്ചതിനും ഒരേ വർഷം (1979) 41 സിനിമകളിൽ പ്രധാന വേഷങ്ങളിൽ അഭിനയിച്ചതിനും മറ്റ് രണ്ട് അഭിനയ റെക്കോർഡുകളും അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ട്. 1980-ൽ പുറത്തിറങ്ങിയ നസീറിന്റെ 500-ാമത്തെ ചിത്രമായ കരിപുരണ്ട ജീവിതങ്ങളിലെ അഭിനയത്തിന് പ്രഥമ ഔട്ട്സ്റ്റാൻഡിംഗ് പെർഫോർമൻസ് അവാർഡ് ലഭിച്ചു. ആ സമയത്ത് രണ്ടു പേർ ഒരുപോലെ മികച്ച നടന്റെ പട്ടികയിൽ വന്നപ്പോഴാണ് പ്രേം നസീറിന് ഈ അവാർഡ് ലഭിച്ചത്.

1989 ജനുവരി 16-ന് 62-ാമത്തെ വയസ്സിൽ മരിച്ചു. 1990-ൽ പുറത്തിറങ്ങിയ കടത്തനാടൻ അമ്പാടിയാണ് അവസാന ചിത്രം. ഭാര്യ ഹബീബഃ ബീവി. ലൈല, റസിയ, റീത്ത എന്നീ മൂന്ന് പെൺമക്കളും ഷാനവാസ് എന്ന മകനുമുണ്ട്. പ്രേം നസീറിന്റെ മൂത്ത സഹോദരിയായ സുലൈഖഃ ബീവിയുടെ മകളാണ് ഷാനവാസിന്റെ പത്നിയായ ആയിഷാ ബീവി. പ്രേം നസീറിന്റെ പുത്രൻ ഷാനവാസ് ഏതാനും ചിത്രങ്ങളിൽ അഭിനയിച്ചെങ്കിലും പിതാവിനെപ്പോലെ അഭിനയരംഗത്ത് ശോഭിക്കാൻ കഴിഞ്ഞില്ല. നസീറിന്റെ സഹോദരൻ പ്രേം നവാസും



Scanned with CamScanner

മലയാള സിനിമയിൽ അറിയപ്പെട്ട നടനാണ്. പ്രേം നസീറിന്റെ മൂന്നാം തലമുറയായി ഷാനവാസിന്റെ പുത്രൻ ഷമീർ ഖാൻ മലയാള ചിത്രമായ ഉപ്പുകണ്ടം ബ്രദേഴ്സ് ബാക്ക് ഇൻ ആക്ഷനിൽ അഭിനയിച്ചിട്ടുണ്ട്.

ഇന്ത്യൻ സിനിമയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് 2013-ൽ പുറത്തിറക്കിയ ഇന്ത്യൻ സിനിമാ മേഖലയിലെ 50 പ്രമുഖരുടെ സ്റ്റാമ്പുകളിൽ പ്രേം നസീറിന്റെ ചിത്രവും വന്നിട്ടുണ്ട്. അന്ന് മലയാളത്തെ പ്രതിനിധീകരിച്ച് നസീറിന്റെ ചിത്രം മാത്രമാണ് ഇടം നേടിയത്. പ്രേം നസീറിന്റെ സ്മരണക്കായി 1992 മുതൽ പ്രേം നസീർ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

വി.എച്ച്.

ഗ്രന്ഥസൂചി:

പ്രേം നസീർ എന്റെ ജീവിതം: അനശ്വര നടന്റെ ആത്മകഥ; ml.m.wikipedia.org; en.m.wikipedia.org

Scanned with CamScanner